# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5920 28/03/2018- ൽ മറുപടിയ്ക്ക്

## ഓപ്പറേഷൻ ശരണബാല്യം പദ്ധതി

| ചോദ്യം<br>ശ്രീ. സണ്ണി ജോസഫ് | | ഉത്തരം<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>( ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ മന്ത്രി) | |
|---|---|---|---|
| (എ) | ബാലവേലയും ബാലഭിക്ഷാടനവും തടയുവാൻ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ് നടപ്പിലാക്കിയ ഓപ്പറേഷൻ ശരണ ബാല്യം , പദ്ധതി വിശദമാക്കുമോ ; | (എ) | ബാലവേല - ബാലഭിക്ഷാടനം - തെരുവ് ബാല്യ വിമുക്ത കേരളം എന്ന ലക്ഷ്യത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ശരണബാല്യം. പത്തനംതിട്ട ജില്ലയിൽ ആരംഭിച്ച ഓപ്പറേഷൻ ശരണബാല്യം പദ്ധതി ജില്ലയുമായി അതിർത്തി പങ്കിടുന്ന സമീപ ജില്ലകളായ ആലപ്പുഴ, കൊല്ലം, കോട്ടയം ജില്ലകളിൽക്കൂടി വ്യാപിപ്പിച്ചിട്ടുണ്ട്. ജില്ലാ ശിശു സംരക്ഷണ ഓഫീസർ-മാരുടെ നേതൃത്വത്തിൽ റെസ്ക്യൂ ഒഫീസർമാരെ നിയമിച്ചുകൊണ്ടാണ് പത്തനംതിട്ട, കൊല്ലം, ആലപ്പുഴ, കോട്ടയം ജില്ലകളിൽ പദ്ധതി പ്രവർത്തനം നടത്തുന്നത്. ആലപ്പുഴ ജില്ലയുടെ പരിധിയിൽ ചെങ്ങന്നൂർ റെയിൽവെ സ്റ്റേഷൻ പരിസരത്തും കോട്ടയം ജില്ലയിലെ എരുമേലി, അഴുത ഭാഗങ്ങളിലും ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് ബാലവേലയിലും ഭിക്ഷാടനത്തിലും കുട്ടികൾ ഏർപ്പെടുന്നത് തടയുന്നതിനായി ഉള്ള നടപടികൾ ജില്ലാ ശിശുസംരക്ഷണ യൂണിറ്റുകൾ മുഖാന്തിരം സ്വീകരിക്കുകയും, ടി ജില്ലകളിൽ ബാലഭിക്ഷാടനത്തിനും ബാലവേലയ്ക്കായും മറ്റ് പല തരത്തിലുള്ള ചൂഷണത്തിനുമായി ഇതര സംസ്ഥാനങ്ങളിൽ നിന്ന് എത്തിച്ച 55 കുട്ടികളെ രക്ഷപ്പെടുത്തുകയുമുണ്ടായി. |
| (ബി) | ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് തെക്കൻ കേരളത്തിൽ പരിശോധന കർശനമാക്കിയതിനെ തുടർന്ന് ഭിക്ഷാടന | (ബി) | ഇല്ല. സംസ്ഥാന വ്യാപകമായി ശരണബാല്യം പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ |

| | | | |
|---|---|---|---|
| | മാഫിയയുടെ പ്രവർത്തനം മലബാർ കേന്ദ്രമാക്കിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ ബാല ഭിക്ഷാടനത്തിനെതിരെ കർശനമായ നടപടികൾ കൈക്കൊള്ളുമോ ? | | സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ